## ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ജി. ഹരികുമാർ**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ലോവർ ഡിവിഷൻ ക്ലാർക്കുമാരെ ടെസ്റ്റ് ഇളവ് ആനുകൂല്യം നൽകി അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിയ ഉദ്യോഗസ്ഥരെ തരംതാഴ്ത്തുന്നത് - സംബന്ധിച്ച്.

സൂചന :
1. സർക്കാർ കത്ത് നമ്പർ 15691/എഫ്2/2011/വനം തീയതി 18.05.2012.
2. ഉത്തരവ് നമ്പർ ഇ3-4505/05 തീയതി 15.12.2005.
3. ഉത്തരവ് നമ്പർ ഇ3-13454/07 തീയതി 15.11.2007.
4. ഉത്തരവ് നമ്പർ ഇ3-13454/07 തീയതി 18.02.2008.
5. ഉത്തരവ് നമ്പർ ഇ3-13454/07 തീയതി 19.07.2008.

### ഉത്തരവ് നമ്പർ ഇ3- 9981/11 തീയതി 05.06.2012

വനം വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളായ താഴെ പേരുചേർക്കുന്ന ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് നിർബന്ധിത ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് വരുത്തി അവരവരുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന ഉത്തരവ് പ്രകാരം അപ്പർ ഡിവിഷൻ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകിയിരുന്നു.

| ക്രമ നമ്പർ | പേര് | ഇപ്പോൾ ജോലി നോക്കുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് നമ്പരും, പ്രാബല്യ തീയതിയും |
|---|---|---|---|
| 1. | എ.ജി. മോഹനൻ | O/o ഡി.എഫ്.ഒ., കോട്ടയം | ഇ3-4505/05 തീയതി 15.12.2005 പ്രാബല്യതീയതി 08.06.2005 |
| 2. | വി. സന്ദീപ് | O/o ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ (വെസ്റ്റ്) ഡിവിഷൻ | ഇ3-13454/07 തീയതി 15.11.2007 പ്രാബല്യതീയതി 24.08.2007 |
| 3. | ബി. ബിനു | O/o ഡി.എഫ്.ഒ., മറയൂർ | ഇ3-13454/07 തീയതി 18.02.2008 പ്രാബല്യതീയതി 02.06.2007 |
| 4. | ബി.ജെ. ജയചന്ദ്രൻ | O/o ഡി.എഫ്.ഒ., മൂന്നാർ | ഇ3-13454/07 തീയതി 19.07.2008 പ്രാബല്യതീയതി 18.07.2008 |

മേൽ പേരുവിവരിച്ച ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയ പ്രാബല്യ തീയതി മുതൽ 3 വർഷത്തേയ്ക്കാണ് ടെസ്റ്റ് ഇളവ് അനുവദിച്ച് നൽകിയിരുന്നത്. അനുവദിച്ച് നൽകിയിരുന്ന പ്രസ്തുത സമയത്തിനുള്ളിൽ ടി ഉദ്യോഗസ്ഥരാരും തന്നെ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകൾ പാസ്സായിട്ടില്ലായെന്ന് അവരുടെ മേലധികാരികൾ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സൂചന (1) പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, **KS & SSR Rule 13 A (1) (a) (2)** പ്രകാരവും ടി ഉദ്യോഗസ്ഥരെ താഴെപ്പറയുന്ന പ്രാബല്യതീയതി മുതൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരായി തരംതാഴ്ത്തിക്കൊണ്ട് ഉത്തരവാകുന്നു. കൂടാതെ ടി ഉദ്യോഗസ്ഥരുടെ സീനിയോരിറ്റി തരംതാഴ്ത്തപ്പെട്ട തസ്തികയിലെ ആദ്യ സീനിയോരിറ്റി പ്രകാരം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | ലോവർ ഡിവിഷൻ ക്ലാർക്കുമാരായി തരം താഴ്ത്തപ്പെട്ട പ്രാബല്യ തീയതി |
|---|---|---|
| 1 | എ.ജി. മോഹനൻ, യു.ഡി. ക്ലാർക്ക് | 08.06.2008 |
| 2. | വി. സന്ദീപ്, യു.ഡി. ക്ലാർക്ക് | 24.08.2010 |
| 3. | ബി. ബിനു, യു.ഡി. ക്ലാർക്ക് | 02.06.2010 |
| 4. | ബി.ജെ. ജയചന്ദ്രൻ,യു.ഡി. ക്ലാർക്ക് | 18.07.2011 |

പ്രസ്തുത വിഷയത്തിൽ ബന്ധപ്പെട്ട മേലധികാരികൾ ടി ഉദ്യോഗസ്ഥരെ തരംതാഴ്ത്തപ്പെട്ട ഉത്തരവുകൾ ഉടനടി നടപ്പിൽ വരുത്തേണ്ടതും, കൂടാതെ ഇവരെ തരംതാഴ്ത്തി ലോവർ ഡിവിഷൻ തസ്തികയിൽ നിയമനം നൽകുമ്പോൾ പ്രൊമോഷൻ തസ്തികയായ അപ്പർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ അർഹതയില്ലാതെ ജോലി ചെയ്തിരുന്ന കാലയളവിലെ ശമ്പളവും/മറ്റ് അലവൻസുകളും തിരികെ പിടിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി വിവരങ്ങൾ ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്**
**കൺസർവേറ്റർ (ഭരണം)**

വ്യക്തികൾക്ക്, മേലധികാരികൾ മുഖേന.

<u>പകർപ്പ് :</u>

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ സൗത്ത്), കൊല്ലം.

4. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം.
5. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ഈസ്റ്റ്.
6. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ വെസ്റ്റ്.
   ശ്രീ. സന്ദീപിന്റെ ശമ്പളം പുനർനിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.
7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം.
   ശ്രീ. എ.ജി. മോഹനനന്റെ ശമ്പളം പുനർനിർണ്ണയം നടത്തി വിവരം അറിയിക്കേണ്ടതാണ്.
8. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ.
   ശ്രീ. ബി. ബിനുവിന്റെ ശമ്പളം പുനർനിർണ്ണയം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
9. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ.
   ശ്രീ. ബി.ജെ. ജയചന്ദ്രന്റെ ശമ്പളം പുനർനിർണ്ണയം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
10. ഇ5-സെക്ഷന്. മേൽ പേരുചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ തരംതാഴ്ത്തപ്പെട്ട തസ്തികയിലെ അവരുടെ ആദ്യ സീനിയോരിറ്റി തന്നെ അനുവദിച്ച് നൽകി വിവരം ഈ സെക്ഷനെ അറിയിക്കേണ്ടതാണ്.
11. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)ക്ക്. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി നൽകുന്നു.
12. സ്റ്റോക്ക് ഫയൽ/എച്ച് സെക്ഷൻ.